**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5010** **11-08-2021 - ൽ മറുപടിയ്ക്ക്**

**സ്ത്രീ സുരക്ഷയ്ക്കായി പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ സുജിത് വിജയൻപിള്ള | | **Smt Veena George**<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥനത്ത് സ്ത്രീ സുരക്ഷയ്ക്കായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | (എ) സംസ്ഥാനത്തു സ്ത്രീ സുരക്ഷയ്ക്കായി നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സംസ്ഥനത്ത് ഷീ ലോഡ്ജ് ആരംഭിച്ചത് എവിടെയൊക്കെ ആണെന്ന് അറിയിയ്ക്കുമോ; | (ബി) | ബി) സംസ്ഥാനത്ത് കുടുംബശ്രീ മുഖേന നിലവിൽ തിരുവനന്തപുരം, കൊല്ലം, തൃശ്ശൂർ, തൃപ്പൂണിത്തുറ, പെരിന്തൽമണ്ണ, വടകര, മൂവാറ്റുപുഴ, കുന്നംകുളം, ചാവക്കാട്, കാഞ്ഞങ്ങാട്, മട്ടന്നൂർ എന്നീ നഗരസഭകളിൽ ഷീ ലോഡ്ജ് പ്രവർത്തിക്കുന്നു. ഗുരുവായൂർ, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ നിർമ്മാണം പൂർത്തിയായി. വർക്കല, തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, കാസർഗോഡ് എന്നീ സ്ഥലങ്ങളിൽ നിർമ്മാണം പുരോഗമിച്ചു വരുന്നു. |
| (സി) | സർക്കാർ ജീവനക്കാരായ സ്ത്രീകൾക്ക് സ്ഥലംമാറ്റത്തിന് പ്രത്യേക ഇളവുകൾ നൽകുന്നുണ്ടോയെന്ന് അറിയിക്കാമോ? | (സി) | (സി) സംസ്ഥാന സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലം മാറ്റത്തിനും നിയമനത്തിനുമായുള്ള പൊതുമാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും അടങ്ങിയ ഉത്തരവിൽ വനിതാ ജീവനക്കാരെ കഴിയുന്നിടത്തോളം മലയോര ജില്ലകളിൽ വിദൂര പ്രദേശങ്ങളിൽ നിയമിക്കാതിരിക്കാവുന്നതാണ് എന്നും പ്രസവാവധിയിൽ നിന്നും മടങ്ങിവരുന്ന ജീവനക്കാരെയും 31.08.2007-ലെ സ.ഉ.(പി) 391/2007/ഫിൻ-ൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം കുട്ടിയെ ദത്തെടുത്തതിനുള്ള അവധിക്ക് അർഹരായിട്ടുള്ള സംസ്ഥാന സർക്കാരിലെ വനിതാ ജീവനക്കാരെയും അവർ എവിടെ നിന്നാണോ അവധിയിൽ പ്രവേശിച്ചത് അതേ സ്റ്റേഷനിലേക്ക് തന്നെ ഒരു വർഷക്കാലത്തേക്ക് നിയമിക്കേണ്ടതാണ് എന്നും അവർ അവരുടെ ഇഷ്ടപ്പെട്ട സ്റ്റേഷനിലേക്ക് സ്ഥലം മാറ്റം കിട്ടാൻ അപേക്ഷിക്കുകയാണെങ്കിൽ അവരുടെ അപേക്ഷയ്ക്ക് ഒന്നാമതായി മുൻഗണന നൽകേണ്ടതാണ് എന്നും ഉൾപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

സ്ത്രീകൾക്ക് നേരെയുള്ള വിവിധ അതിക്രമങ്ങൾ നേരിടാൻ ആവിഷ്കരിച്ച നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു

## ഗാർഹികാതിക്രമങ്ങളിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം 2005

ഗാർഹിക അതിക്രമങ്ങളിൽ നിന്ന് സ്ത്രീകൾക്കുള്ള സംരക്ഷണ നിയമം 2005 പ്രകാരം 2005 പ്രകാരം കേരളത്തിലെ 14 ജില്ലകളിലും വനിതാ സംരക്ഷണ ഓഫീസർ സേവനമനുഷ്ഠിക്കുന്നു .കൂടാതെ ഈ നിയമം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 83 സർവീസ് പ്രൊവൈഡിംഗ് സെന്ററുകളും 11 ഷെൽട്ടർ ഹോമുകളും പ്രവർത്തിച്ചു വരുന്നു. നടപ്പു വർഷം 20 സർവീസ് പ്രൊവൈഡിംഗ് സെന്ററുകൾ /ഷെൽട്ടർ ഹോമുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. എല്ലാ ബ്ലോക്കുകളിലും SPC ആരംഭിക്കുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു.

## സ്ത്രീധന നിരോധന നിയമം 1961

സംസ്ഥാനത്ത് സ്ത്രീധന നിരോധന നിയമം കൂടുതൽ ഫലപ്രദമായി നടപ്പിലാക്കുവാൻ കേരള സ്ത്രീധന നിരോധന ചട്ടം 2004 ഭേദഗതി വരുത്തി എല്ലാ ജില്ലകളിലും ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരെ സ്ത്രീധന നിരോധന ഓഫീസർമാരായി നിയോഗിച്ചിട്ടുണ്ട് . ജില്ലാസ്ത്രീധന നിരോധന ഓഫീസർമാർക്ക് ആവശ്യമായ വിദഗ്ധോപദേശവും നിയമ സഹായവും നൽകുന്നതിനായി ജില്ലാ അഡ്വൈസറി ബോർഡ് രൂപീകരിക്കുന്നതിനായി നടപടി സ്വീകരിച്ചു വരുന്നു. സ്ത്രീധന നിരോധന നിയമം ഫലപ്രദമായി നടപ്പിലാക്കാൻ അംഗീകൃത ക്ഷേമ സ്ഥാപനങ്ങൾ /സംഘടനകളെ തെരെഞ്ഞെടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു .

സർക്കാർ ഉദ്യോഗസ്ഥരുടെ ഇടയിലുള്ള സ്ത്രീധന സമ്പ്രദായം ഉന്മൂലനം ചെയ്യുന്നതിനായി സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നും സ്ത്രീധനം ആവശ്യപ്പെടുകയോ ,വാങ്ങുകയോ, കൊടുക്കുകയോ ചെയ്തിട്ടില്ലെന്ന സത്യവാങ്മൂലം എല്ലാ വകുപ്പുകളിലെയും വിവാഹിതരാകുന്ന സർക്കാർ ഉദ്യോഗസ്ഥരിൽ നിന്നും വാങ്ങി റിപ്പോർട്ട് ചെയ്യാൻ വകുപ്പ് തലവൻമാർക്ക് നിർദേശം നൽകിയിട്ടുണ്ട് .

സമീപ കാലങ്ങളിൽ വർധിച്ചു വരുന്ന സ്ത്രീധന /ഗാർഹിക പീഡനങ്ങൾ ഇവയെ തുടർന്നുണ്ടാവുന്ന മരണങ്ങൾ എന്നിവ തടയുന്നതിനായി വിവിധ ദൃശ്യ ശ്രവ്യ മാധ്യമങ്ങൾ വഴിയും സോഷ്യൽ മീഡിയ വഴിയും ഇവയ്ക്കെതിരെ വ്യാപക പ്രചാരണം നടത്തി വരുന്നു . വകുപ്പ് ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളെ കുറിച്ചുള്ള പോസ്റ്ററുകളും , ചെറു വിഡിയോകളും, സോഷ്യൽ മീഡിയ, റേഡിയോ, വിവിധ മാഗസിനുകൾ എന്നിവ മുഖാന്തിരം പ്രചരിപ്പിച്ചു വരുന്നു.

സംസ്ഥാനത്തെ ഐ സി ഡി എസ് സൂപ്പർവൈസർമാർക്ക് ലിംഗ അസമത്വം ഗാർഹിക പീഡനങ്ങൾ എന്നിവയ്ക്കെതിരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനായി സംസ്ഥാന തലത്തിൽ പരിശീലനം ലഭിച്ച ജെന്റർ റിസോഴ്സ്പേഴ്സൺ മുഖാന്തിരം GENDER RELATIONS AND WOMEN LEGISLATION എന്നീ വിഷയങ്ങളിൽ ഏകദിന ഓൺലൈൻ ട്രെയിനിങ് ലഭ്യമാക്കി .പൊതു ജനങ്ങളിൽ Gender Awareness നടത്തി ലിംഗ സമത്വം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ മുഴുവൻ അങ്കണവാടി പ്രവർത്തകർക്കും ഗാർഹിക ,ലൈംഗിക , സ്ത്രീധന പീഡനങ്ങളെ പറ്റിയും ആയതുമായി ബന്ധപ്പെട്ട സ്ത്രീകൾക്കുള്ള നിയമ പരിരക്ഷയെപ്പറ്റിയും ഓൺലൈൻ വഴി ബോധവത്കരണ ക്ലാസ് നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെയുള്ള വിവിധതരം അതിക്രമങ്ങൾ ഫലപ്രദമായി തടയുന്നതിനായി വനിതാ ശിശു വികസന വകുപ്പ് "കനൽ" കർമ്മ പദ്ധതി ആവിഷ്കരിക്കുകയും വിവിധ ദൃശ്യ മാധ്യമങ്ങൾ വഴി പ്രചാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട് .181 ഹെൽപ് ലൈൻ നമ്പർ അച്ചടിച്ച 1 ലക്ഷം പോസ്റ്ററുകൾ സംസ്ഥാനത്തൊട്ടാകെപ്രദർശിപ്പിക്കുകയും അതിക്രമങ്ങൾക്കെതിരെ `zero tolerance to Violence ` പുലർത്തികൊണ്ടു 'കനൽ ലോഗോ'പ്രകാശനം ചെയ്തിട്ടുണ്ട് . തുടർ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

നിർഭയ

ലൈംഗികാതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും പ്രതിരോധം ,സംരക്ഷണം ,നിയമ നടത്തിപ്പ് പുനരധിവാസം എന്നിവയിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനുള്ള നിർഭയ പോളിസികൾ നടപ്പിലാക്കുന്നു .18 ഷെൽട്ടർ ഹോമുകളും പോക്സോ അതിജീവിതകൾക്കായി നടത്തുന്നുണ്ട്

കാതോർത്ത്

സ്ത്രീകളുടെ വിവിധ പ്രശ്നങ്ങൾ കേൾക്കുന്നതിനും പരിഹാരം നിർദ്ദേശിക്കുന്നതിനുമായി ഓൺ ലൈൻ കൺസൾട്ടൻസി കാതോർത്ത് എന്ന പേരിൽ വിജയകരമായി നടപ്പിലാക്കി വരുന്നു . kathorthu.wcd.kerala.gov.in എന്ന വെബ് മുഖേന സ്ത്രീകളുടെ പരാതി കേൾക്കുന്നതിനും പരിഹാരം,കൗൺസിലിങ്,നിയമോപദേശം ,പോലീസ് സഹായം എന്നിവ ലഭ്യമാക്കുന്നതിനും സംവിധാനം ഒരുക്കിയിരിക്കുന്നു

സ്ത്രീകൾക്ക് സ്വന്തം വീട്ടിൽ ഇരുന്നു കൊണ്ട് പ്രശ്ന പരിഹാരം തേടാം എന്നതാണ് ഈ പദ്ധതിയുടെ പ്രത്യേകത.

രക്ഷാദൂത്

ഗാർഹിക പീഡനത്തിൽ നിന്ന് വനിതകളെ സംരക്ഷിക്കുന്നതിനായി തപാൽ വകുപ്പും വനിതാ ശിശു വികസന വകുപ്പും സഹകരിച്ച നടപ്പിലാക്കുന്ന പദ്ധതിയാണ് രക്ഷാദൂത് .അതിക്രമത്തിനാരായ വനിതകൾക്കോ കുട്ടിക്കോ അവരുടെ പ്രതിനിധിക്കോ പരാതി സമർപ്പിക്കാൻ ഈ പദ്ധതിയിലൂടെ കഴിയും. .അക്രമത്തിനിരയായ വനിതയെ അവരുടെ

പ്രതിനിധിയോ പോസ്റ്റ് ഓഫീസിൽ എത്തി "തപാൽ" എന്ന് കോഡ് പറഞ്ഞാൽ പോസ്റ്റ്മാസ്റ്റർ/മിസ്ട്രസ്സിന്റെ സഹായത്തോടുകൂടി ഒരു പേപ്പറിൽ സ്വന്തം മേൽവിലാസം എഴുതി പിൻകോഡ് സഹിതം ലെറ്റർ ബോക്സിൽ നിക്ഷേപിക്കാവുന്നതാണ് .അല്ലാത്ത പക്ഷം അതിക്രമത്തിനിരയായ സ്ത്രീക്കോ / കുട്ടിക്കോ അവരുടെ തൊട്ടടുത്തുള്ള തപാൽ വകുപ്പിന്റെ ലെറ്റർ ബോക്സിൽ വെള്ള പേപ്പറിൽ പൂർണ്ണമായ മേൽവിലാസം പിൻകോഡ് സഹിതം എഴുതി സീൽ ചെയ്ത് പുറത്ത് തപാൽ എന്നെഴുതി നിക്ഷേപിക്കാവുന്നതാണ് .സ്റ്റാമ്പ് ഒട്ടിക്കേണ്ടതില്ല .

<u>വാട്ട് സാപ്പ് ഹെൽപ് ലൈൻ 9400080292</u>

പരാതികൾ മേൽ വാട്ട് സാപ്പ് ഹെൽപ് ലൈൻ നമ്പറിൽ അറിയിക്കാവുന്നതാണ്. .വനിതകളുമായി ബന്ധപ്പെട്ട പരാതികൾ ആണെങ്കിൽ വനിതാ സംരക്ഷണ ഓഫീസർ (WPO) ഒരാഴ്ചക്കകം നടപടി സ്വീകരിക്കുകയും കുട്ടികളുമായി ബന്ധപ്പെട്ട പരാതികളാണ് എങ്കിൽ ശിശു സംരക്ഷണ ഓഫീസർ (DCPO) അടിയന്തിരമായോ അല്ലെങ്കിൽ 48 മണിക്കൂറിനുള്ളിലോ നടപടി സ്വീകരിക്കുന്നതുമാണ് .

<u>181 മിത്ര ഹെൽപ് ലൈൻ</u>

സ്ത്രീകൾക്ക് നേരെ ഉണ്ടാകുന്ന ഗാർഹിക പീഡനം ,മറ്റ് അതിക്രമങ്ങൾ എന്നിവ 181 മിത്ര ഹെൽപ് ലൈനിൽ വിളിച്ച് പരാതിപ്പെടാം .കൗൺസിലിംഗ് സഹായം ലഭ്യമാണ്

<u>വൺ സ്റ്റോപ്പ് സെന്റർ</u>

ഗാർഹിക-ലൈംഗിക അതിക്രമത്തിനിരയായ സ്ത്രീകൾക്ക് പെട്ടെന്ന് അഭയം തേടാൻ വൺ സ്റ്റോപ്പ് സെൻററുകൾ പ്രവർത്തിച്ച് വരുന്നു. വൈദ്യ സഹായം ,കൗൺസിലിംഗ് ,പോലീസ് സഹായം ,നിയമ സഹായം ,ഷെൽട്ടർ എന്നി സേവനങ്ങൾ ലഭ്യമാണ് .

ഇതുകൂടാതെ അതിക്രമത്തിനിരയായ സ്ത്രീകളുടെയും കുട്ടികളുടെയും പുനരധിവാസത്തിനായി കേന്ദ്ര സർക്കാർ സ്വാധാർ ഗ്രഹ് ,ഉജ്ജ്വല പദ്ധതികൾ വഴി നടപ്പിലാക്കുന്ന ഷെൽട്ടർ ഹോമുകളും വകുപ്പ് നടത്തുന്നുണ്ട്

<u>സ്ത്രീ സുരക്ഷയ്ക്കായി വകുപ്പ് നടത്തുന്ന ബോധവൽക്കരണ പരിപാടികൾ</u>

സംസ്ഥാനത്തെ ഐ സി ഡി എസ് സൂപ്പർവൈസർമാർക്ക് ലിംഗ അസമത്വം ഗാർഹിക പീഡനങ്ങൾ എന്നിവയ്ക്കെതിരെ കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനായി സംസ്ഥാന തലത്തിൽ പരിശീലനം ലഭിച്ച ജെന്റർ റിസോഴ്സ്പേഴ്സൺ മുഖാന്തിരം GENDER RELATIONS AND WOMEN LEGISLATION എന്നീ വിഷയങ്ങളിൽ ഏകദിന ഓൺലൈൻ ട്രെയിനിങ് ലഭ്യമാക്കി .പൊതു ജനങ്ങളിൽ Gender Awareness നടത്തി ലിംഗ സമത്വം ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ മുഴുവൻ അങ്കണവാടി പ്രവർത്തകർക്കും ഗാർഹിക ,ലൈംഗിക , സ്ത്രീധന പീഡനങ്ങളെ പറ്റിയും ആയതുമായി ബന്ധപ്പെട്ട സ്ത്രീകൾക്കുള്ള നിയമ പരിരക്ഷയെപ്പറ്റിയും ഓൺലൈൻ വഴി ബോധവത്കരണ ക്ലാസ് നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് സ്ത്രീകൾക്കെതിരെയുള്ള വിവിധതരം അതിക്രമങ്ങൾ ഫലപ്രദമായി തടയുന്നതിനായി വനിതാ ശിശു വികസന വകുപ്പ് "കനൽ" കർമ്മ പദ്ധതി ആവിഷ്ക്കരിക്കുകയും വിവിധ ദൃശ്യ മാധ്യമങ്ങൾ വഴി പ്രചാരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട് .181 ഹെൽപ് ലൈൻ നമ്പർ അച്ചടിച്ച 1 ലക്ഷം പോസ്റ്ററുകൾ സംസ്ഥാനത്തൊട്ടാകെപ്രദർശിപ്പിക്കുകയും അതിക്രമങ്ങൾക്കെതിരെ `zero tolerance to Violence ` പുലർത്തികൊണ്ടു 'കനൽ ലോഗോ'പ്രകാശനം ചെയ്തിട്ടുണ്ട് . തുടർ പ്രവർത്തനങ്ങൾ നടന്നു വരുന്നു.

<u>മിത്ര 181</u>

കേരളത്തിലെ വനിതകൾക്ക് 181 എന്ന ടോൾ ഫ്രീ നമ്പറിലൂടെ ഗാർഹിക പീഡനം, മാനസിക ശാരീരിക വൈകാരിക പ്രശ്നങ്ങൾ, തർക്കങ്ങൾ, സുരക്ഷാ ഭീതി തുടങ്ങി പിന്തുണ ആവശ്യമുള്ള ഏതുതരം സേവനങ്ങൾക്കും സഹായം അഭ്യർത്ഥിക്കുകയും അതിന് നിമിഷങ്ങൾക്കുള്ളിൽ തന്നെ പരിഹാരം കാണാനും സാധിക്കുന്ന 24 മണിക്കൂറും പ്രവർത്തന സജ്ജമായ കേന്ദ്രാവിഷ്കൃത പദ്ധതിയാണ് 181 മിത്ര വിമൺ ഹെൽപ്പ് ലൈൻ. പ്രസ്തുത പദ്ധതിയിലൂടെ നാളിതുവരെ 2 ലക്ഷം കോളുകൾക്ക് സേവനം നൽകിയിട്ടുണ്ട്.

<u>ബോധ്യം -പോലീസ് ഉദ്യോഗസ്ഥർക്കുള്ള ലിംഗാവബോധ പരിശീലന പരിപാടി</u>

അതിക്രമങ്ങൾ നേരിടുകയും തുടർന്ന് പോലീസ് സ്റ്റേഷനുകളിൽ നീതി തേടി എത്തുകയും ചെയ്യുന്ന വനിതകളോടുള്ള പോലീസ് സമീപനം സൗഹൃദപരവും ലിംഗനീതി ഉറപ്പുവരുത്തേണ്ടതും ആവേണ്ടതുണ്ട് എന്ന വസ്തുത 181 മിത്ര വുമൺ ഹെൽപ്പ് ലൈനിൽ സ്വീകരിച്ചിട്ടുള്ള കോളുകളുടെ അടിസ്ഥാനത്തിൽ മനസ്സിലാക്കിയതിനെ തുടർന്ന് വനിത വികസന കോർപ്പറേഷൻ ആവിഷ്കരിച്ച് 2019 മുതൽ കേരളത്തിലെ പോലീസ് ഉദ്യോഗസ്ഥർക്കായി നടപ്പിൽ വരുത്തിയ ചതുർദിന ലിംഗാവബോധ പരിശീലന പ രിപാടി യാണ് ബോധ്യം. സമൂഹത്തിൽ നിലനിൽക്കുന്ന വൈവിധ്യങ്ങളേയും ലിംഗ വിവേചനത്തേയും കുറിച്ചുള്ള ശരിയായ അറിവ് പോലീസ് സേനയുടെ നീതി പൂർവ്വവും കാലാനുസൃതവുമായ പ്രവർത്തനങ്ങൾക്ക് അത്യന്താപേക്ഷിതമാണ്. നാളിതു വരെ 7000 പോലീസ് ഉദ്യോഗസ്ഥർക്ക് ബോധ്യം പരിപാടിയിലൂടെ ലിംഗാവബോധ പരിശീലനം നല്കി കഴിഞ്ഞു. നടപ്പ് സാമ്പത്തിക വർഷം 13500 പോലീസ് ഉദ്യോഗസ്ഥർക്ക് പരിശീലനം നല്കുന്നതിനായി ഉദ്ദേശിക്കുന്നു.